**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 259 — 27.02.2017 ൽ മറുപടിക്ക്

## എ.പി.എൽ./ബി.പി.എൽ. വിഭാഗങ്ങൾക്കുള്ള ചികിത്സാ ധനസഹായം

| ചോദ്യം<br>ശ്രീ.സി. ദിവാകരൻ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | എ.പി.എൽ./ബി.പി.എൽ. വിഭാഗങ്ങൾക്ക് അനുവദിച്ചു വരുന്ന ചികിത്സാ ധനസഹായങ്ങൾ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ; | (എ) | രണ്ട് ചികിത്സാ ധനസഹായ പദ്ധതികളാണുള്ളത്<br>സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റന്റ് റ്റു ദി പുവർ പദ്ധതി പ്രകാരം, ചില അസുഖങ്ങളുടെ ചികിത്സയ്ക്കായി തെരെഞ്ഞെടുക്കപ്പെട്ട ആശുപത്രികളിലെ പാവപ്പെട്ട രോഗികൾക്ക് പരമാവധി 50,000/- രൂപ വരെ ഒറ്റത്തവണ ചികിത്സാ ധനസഹായം നൽകുന്നുണ്ട്. ഈ ധനസഹായം ലഭിക്കുന്നതിന് രോഗിയുടെ കുടുംബവാർഷിക വരുമാനം മൂന്നു ലക്ഷം രൂപയിൽ താഴെയായിരിക്കണം.<br>ആരോഗ്യ വകുപ്പ് മന്ത്രിയുടെ ക്ഷേമനിധിയിൽ നിന്നും നിർദ്ധനരായ രോഗികൾക്ക് പരമാവധി 2,000/-രൂപ വരെ ചികിത്സാ ധനസഹായം നൽകുന്ന മറ്റൊരു പദ്ധതിയും ആരോഗ്യ വകുപ്പിന്റെ കീഴിലുണ്ട്.<br>കൂടാതെ കാരുണ്യ ബെനവലന്റ് സ്കീം, ആർ.എസ്.ബി.വൈ, ചിസ് പ്ലസ്, സുകൃതം, ജനനി സുരക്ഷ എന്നീ പദ്ധതികൾ മുഖേനയും ചികിത്സ ധനസഹായം നൽകുന്നു. |
| (ബി) | ആർ.എസ്.ബി.വൈ പദ്ധതി പ്രകാരം ഒരു കുടുംബത്തിന് ലഭിക്കുന്ന പരമാവധി ചികിത്സാ ധനസഹായം എത്രയെന്ന് വ്യക്തമാക്കുമോ; | (ബി) | നേരത്തെ നിശ്ചയിച്ചിട്ടുള്ള ആർ.എസ്.ബി.വൈ പാക്കേജ് പ്രകാരം ആർ.എസ്.ബി.വൈ കാർഡുള്ളവർക്ക് ഓരോ വർഷവും ഒരു കുടുംബത്തിലെ പരമാവധി 5 പേർക്ക് 30,000/- രൂപയുടെ സൗജന്യ ചികിത്സാ സഹായം ലഭിക്കുന്നു. ഇതിനു പുറമേ ചിസ് പ്ലസ്, ആർ.എസ്.ബി.വൈ ഒന്നിച്ച് 70,000/- രൂപ തൃതീയ രോഗീപരിചരണങ്ങളായ ക്യാൻസർ, ഹൃദയം, ന്യൂറോ, കരൾ, കിഡ്നി എന്നീ അസുഖങ്ങൾക്കും അപകടത്തിലൂടെ ഉണ്ടാകുന്ന ട്രോമ എന്നിവയ്ക്കും തിരഞ്ഞെടുക്കപ്പെട്ട സർക്കാർ ആശുപത്രികൾ ,ആർ.സി.സി, എം.സി.സി, ശ്രീചിത്രാ മെഡിക്കൽ സെന്റർ ആർ.എസ്.ബി.വൈ രജിസ്റ്റർ ചെയ്തിട്ടുള്ളവർക്കും 01.04.2017 മുതൽ SCHIS (സീനിയർ സിറ്റിസൺസ് ഹെൽത്ത് ഇൻഷുറൻസ് പദ്ധതി) 60 വയസ്സും അതിനു മുകളിലുമുള്ളവർക്ക് ആർ.എസ്.ബി.വൈ ചികിത്സാ സഹായത്തിനു |

| | | | |
|---|---|---|---|
| | | | പുറമേ 30,000/- രൂപ സൗജന്യ ചികിത്സ കൂടി ലഭിക്കുന്നു. ഇത് മുതിർന്ന അംഗങ്ങൾക്ക് മാത്രമേ ലഭിക്കുകയുള്ളു. |
| (സി) | പ്രസ്തുത ചികിത്സാ ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വ്യക്തമാക്കുമോ; | (സി) | മാർച്ച് മുതൽ ജൂൺ വരെയുള്ള മാസങ്ങളിൽ പത്രമാധ്യമങ്ങളിൽ അറിയിപ്പ് വരുകയും രജിസ്റ്റർ ചെയ്തിട്ടുള്ള കുടുംബത്തിലെ അർഹതയുള്ള അംഗങ്ങൾ എല്ലാപേരും എൻറോൾമെന്റ് സെന്ററിൽ രജിസ്ട്രേഷൻ സ്ലിപ്പുമായി ചെല്ലുകയും ഫോട്ടോ/ഫിംഗർ പ്രിന്റ് എന്നിവ രേഖപ്പെടുത്തി അപ്പോൾ തന്നെ കാർഡ് ലഭ്യമാക്കുന്നതാണ്. ആർ.എസ്.ബി.വൈ സ്മാർട്ട് കാർഡ് വഴി ഓരോ അംഗത്തിനും ആർ.എസ്.ബി.വൈ സേവനം നൽകുന്ന എല്ലാ ആശുപത്രികളിൽ നിന്നും മാനദണ്ഡ പ്രകാരമുള്ള സൗജന്യ ചികിത്സ ലഭിക്കുന്നതാണ്.<br>റേഷൻ കാർഡ് ബി.പി.എൽ ആയിരിക്കണം. അഡ്മിറ്റാകുമ്പോൾ ആർ.എസ്.ബി.വൈ കാർഡ് ആശുപത്രിയിൽ രേഖപ്പെടുത്തണം. |
| (ഡി) | വിവിധ ചികിത്സാ സഹായപദ്ധതികൾ ഏകീകരിച്ച് ഒരു സാമൂഹ്യാരോഗ്യപദ്ധതി രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (ഡി) | പരിഗണനയിലുണ്ട്. പ്രാരംഭദശയിലാണ്. |

സെക്ഷൻ ഓഫീസർ